# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email:** cohagmet@kau.in & kauagmet@yahoo.co.in

### കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 16/2019(32), വ്യാഴാഴ്ച — തീയ്യതി 18.04.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 36.5 മുതൽ 37.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 25.7 മുതൽ 27.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 76 മുതൽ 89 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 47 മുതൽ 57 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.0 മുതൽ 2.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 8.0 മുതൽ 10.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 4.8 മുതൽ 5.6 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 19.04.2019 | 20.04.2019 | 21.04.2019 | 22.04.2019 | 23.04.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 2 | 2 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 10 | 4 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 250 | 270 | 270 | 180 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 4 | 5 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴ ലഭിക്കാൻ സാധ്യതയുണ്ട്. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | ഇലപ്പുള്ളി രോഗം | ഈ പ്രത്യേക കാലാവസ്ഥയിൽ വാഴയിൽ ഇലപുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| തെങ്ങ് | - | അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽനിന്ന് മൂന്ന്മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക്ചുറ്റും തടിയിൽനിന്നും രണ്ട്മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനുമുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5 മുതൽ 7 വർഷത്തേക്ക് നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25കി.ഗ്രാം എന്നതോതിൽ ഓരോവർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| പച്ചക്കറികൾ (വെണ്ട) | പച്ചത്തുള്ളൻ | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ വെണ്ടയിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട്.ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലിതൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതിനും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരംകൂട്ടുന്നതും നല്ലതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | |